# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1192 | 12.06.14 ൽ - മറുപടിക്ക്

## എ.പി.എൽ റേഷൻ കാർഡ് ബി.പി.എൽ ആക്കി മാറ്റുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) എ.പി.എൽ റേഷൻ കാർഡ് ബി.പി.എൽ ആക്കി മാറ്റുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ; | (എ) | 27.04.12-ലെ സ.ഉ(കൈ)നം.112/12/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം, നിലവിലുള്ള മാനദണ്ഡങ്ങൾക്ക് പുറമെ ആശ്രയ പദ്ധതിയിൽ അംഗമായുള്ളവർ, മാനസികവും ശാരീരികവുമായ വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ, എയ്ഡ്സ്, ക്യാൻസർ രോഗികൾ, ഡയാലിസിസിന് വിധേയരാകുന്നവർ, പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവർ, ശരീരം തളർന്ന് ശയ്യാ-വലംബരായവർ എന്നിവരെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തി, അപേക്ഷയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി മുൻഗണനാക്രമം അനുസരിച്ച് അവർക്ക് ഒഴിവിന്റെ അടിസ്ഥാനത്തിൽ, ജില്ലാ കളക്ടർമാർ ബി.പി.എൽ. കാർഡുകൾ നൽകി വരുന്നു. |
| (ബി) പാലക്കാട് ജില്ലയിൽ ഇത്തരത്തിൽ ലഭിച്ച എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | പാലക്കാട് ജില്ലയിൽ 179 അപേക്ഷകളാണ് തീർപ്പാക്കാനുള്ളത് |
| (സി) എ.പി.എൽ കാർഡ് ബി.പി.എൽ ആക്കി മാറ്റുന്നതിനുള്ള മാനദണ്ഡം പൂർണ്ണമായും പാലിക്കുന്നുണ്ടോ എന്ന് പരിശോധി ക്കാൻ മറ്റേതെങ്കിലും വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പിനെ യാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (സി) | അപേക്ഷകർ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട-വരാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഡയറക്ടറെ ഏൽപ്പിക്കുന്നു. പ്രോജക്ട് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കാർഡുകൾ മാറ്റി നൽകുന്നത്. |

സെക്ഷൻ ഓഫീസർ